ഉത്തരം

(എ) 1,034 കേസുകൾ

(ബി) 2003 മുതൽ 2004 വർഷം വരെ—377 കേസ്

2001 മുതൽ 2002 വർഷം വരെ—310 കേസ്

1997 മുതൽ 2000 വർഷം വരെ—347 കേസ്

(സി) കേസുകളുടെ രാസപരിശോധനാ ഫലം സ്കെച്ച് പ്ലാൻ എന്നിവ ലഭിക്കുന്നതിന് അൽപം കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ ഈ വിധത്തിലുള്ള കേസുകൾ കാലവിളംബം കൂടാതെ കോടതിയിൽ ചാർജ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേസന്വേഷണത്തിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മയക്കുമരുന്ന് കടത്ത്

173 [847] ശ്രീ. എ. കെ. മണി:

" കെ. എ. ചന്ദ്രൻ:

" എൻ. ഡി. അപ്പച്ചൻ:

" ഡി. സുഗതൻ:

" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്നു കടത്തുകയോ സ്റ്റോറു ചെയ്യുകയോ, കൈവശം വയ്ക്കുകയോ ചെയ്ത കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിൽ എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടു എന്നു വിശദമാക്കാമോ;

(ബി) കണ്ടെത്തിയ മയക്കുമരുന്നുകളുടെ വില എത്രയെന്നും ഇവ എന്ത് ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,256 കേസുകൾ.

(ബി) പിടിച്ചെടുത്ത മയക്കുമരുന്ന് ഓപ്പൺ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ വില കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വില കണക്കാക്കാൻ കഴിഞ്ഞവയ്ക്ക് ഉദ്ദേശം 2,80,06,246 രൂപ വില വരുമെന്ന് കരുതുന്നു. പിടിച്ചെടുത്ത മയക്കുമരുന്നുകൾ യഥാസമയം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly